**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1784** **08-02-2023 - ൽ മറുപടിയ്ക്ക്**

**മാതൃകാ അസിസ്റ്റീവ് വില്ലേജ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷി കുട്ടികളുടെ കുടുംബങ്ങൾക്ക് ഒരുമിച്ച് താമസിക്കാവുന്ന തരത്തിലുള്ള മാതൃകാ അസിസ്റ്റീവ് വില്ലേജുകൾ സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ; | (എ) | ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനു വേണ്ടി സംസ്ഥാനത്തിന്റെ മൂന്നു മേഖലകളിലായി സാമൂഹ്യനീതി വകുപ്പിനു കീഴിൽ അന്താരാഷ്ട്രനിലവാരത്തിലുള്ള മൂന്നു പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതായി കേരള ഗവർണർ 18.02.2022-ന് നിയമസഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ അറിയിച്ചിരുന്നു. ഇതിലേക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ; നിലമ്പൂർ നഗരസഭയിൽ ഇതിനാവശ്യമായ സ്ഥലം ലഭ്യമാക്കാമെന്ന് നിലമ്പൂർ നഗരസഭ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ വകുപ്പുതലത്തിൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കായി ഭൂമി വിട്ടു നൽകുവാൻ വിവിധ ജനപ്രതിനിധികൾ സന്നദ്ധത അറിയിച്ചിരുന്നു. പ്രസ്തുത ഭൂമിയിൽ പുനരധിവാസ ഗ്രാമങ്ങൾ ആംരഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ ബഹു. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തിയിട്ടുണ്ട്. നിലമ്പൂർ നഗരസഭ ഉടമസ്ഥതയിലുള്ള നിലമ്പൂർ താലൂക്കിലെ നിലമ്പൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 92 റി.സ. 383/2, 383/1-ൽ ഉൾപ്പെട്ടതുമായ 87 ആർ സ്ഥലത്ത് ഭിന്നശേഷിക്കാർക്ക് വേണ്ടി പാർക്ക് നിർമ്മിക്കുന്നതിനുള്ള പദ്ധതി പ്രൊജക്റ്റ് നം. 283/23 "ഭിന്നശേഷി അക്കാദമി" ഉണ്ടെന്ന് നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ നിന്ന് അറിയിച്ചിട്ടുണ്ട്. ഇതിനുള്ള സ്ഥലം വകുപ്പിന് വിട്ട് നൽകുന്നതിന് രേഖാമൂലം അറിയിപ്പ് ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത വില്ലേജുകളുടെ പ്രവർത്തന രീതികളും വില്ലേജുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളും വിശദമാക്കാമോ; ഇതിനായി ഫണ്ട് | (സി) | ഭിന്നശേഷിക്കാരായ വ്യക്തിയുടെ ജീവിതകാലയളവിനുള്ളിൽ നൽകേണ്ട എല്ലാ സേവനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രപദ്ധതി മാതൃകാ |

| | | | |
|---|---|---|---|
| | വകയിരിത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാമോ; | | അസിസ്റ്റീവ് വില്ലേജുകളിൽ ഉൾപ്പെടുത്തുന്നതിനാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള സംയോജിത പുനരധിവാസ കേന്ദ്രത്തിനു വേണ്ടിയുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 31.12.2022-ലെ സ.ഉ.(പി) നം. 280/2022/സാ.നീ.വ. പ്രകാരം 25,00,000/- (ഇരുപത്തിയഞ്ചു ലക്ഷം രൂപാ മാത്രം) ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി രൂപരേഖ ഏതെങ്കിലും ഏജൻസികൾ തയ്യാറാക്കിയിട്ടുണ്ടോ; പദ്ധതിക്കായി പകർത്താനുദ്ദേശിക്കുന്ന മാതൃക ഏതു സ്ഥലത്തു നടപ്പാക്കി വിജയിച്ചതാണെന്നും അറിയിക്കാമോ? | (ഡി) | പദ്ധതിയെ സംബന്ധിച്ച രൂപരേഖകൾ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ പദ്ധതി തയ്യാറാക്കുന്നതിനായി മറ്റു മാതൃകകളൊന്നും നിലവിൽ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ